



**Week 21 ( May 05_2024)**

1. Where does the idea of "Guardian Malaka" come from?
   It comes from the *Mazmora* of Daveed, where we see: " For HE shall give HIS Malaka charge over thee to keep thee in all thy ways.." (*Mazmora* 91:11)

2. How is it that humankind is in the Image of *Alaha*?
   Poulose *Shliha* explains to The Church, that humankind expresses the Image of *Alaha* in righteousness a holiness of truth, " That ye put on the new man, which after *Alaha* is created, in righteousness and true holiness." (Eph 4:24)

3. What is the breath of life?
   The soul, a substance both spiritual and immortal.

4. Was man placed into a spiritual or a material Pardaisa (Garden)?
   A two fold answer, for the body it was material, a visible and a blissful abode, but for the human soul it was a spiritual garden with state of communion and fellowship, by grace, with *Alaha*. A place for spiritual contemplation of the created beings (humankind).

5. Why did God make Hawwa from the rib of Adam?
   So that all of humankind, might be by origin naturally disposed to love and defend one another. Adam is created and formed by *Alaha*, and from the rib of Adam his life's companion Hawwa, was created. The joining of the two is seen in the replications in Holy Marriage. *Alaha* joins together, once again, his creation to his created.

6. How does the Holy Church define "predestination"?
   It is the will of *Alaha* by which humankind is designed for Eternal happiness or bliss.

7. Does *Alaha*'s predestination of man toward happiness remain unchanged or changed?
   It remains unchanged, as *Alaha,* of His knowledge and infinite mercies, has predestined to open for all of humankind, even after his departure from the way of happiness, a new way to happiness through His only begotten Son Isho *M'shiha.*

8. How do we understand the predestination of *Alaha* with respect to humankind in general and severally to each individual ?
*Alaha* has predestined to give to all mankind and has actually given to humankind preparatory grace and means sufficient for the attainment of happiness.
9. With respect to the world, and more particularly to that of mankind, what follows immediately upon their creation?
It is Divine Providence, as the Church declares which follows immediately upon their creation.
10. What is the definition of "Divine Providence?"
The Church defines the Divine Providence, as that constant energy of the Power of the Almighty, the wis dom and the goodness of our worshipful *Alaha*, by which He will keep and preserve the being and faculties of His created beings; directing to a good end, assisting all that is good; but as to evil, which will spring up from the departure of good, He will either cut it off or correct it; and, turns it into good results.
11. What does the Name Isho mean?
The Name means Savior. "She will bear a son, and you are to name him Jesus, for he will save his people from their sins." (*Mathai* 1:21)
12. Who had given the Name Isho for the first time?
The Name Isho was given for the first time through *Gawriel Malaka.*
13. Why was this Name given to the Son of *Alaha* at His conception and birth?
He was so named, because He was conceived and born to save humanity from their sin through the ultimate death upon the *Sleeva.*
14. What is the meaning of the word "*M'shiha*"?
Anointed One.
15. What does the Holy Scripture say about The Divinity of Maran Isho M'shiha as the Son of *Alaha?*
"In the beginning was The Word, and The Word was with *Alaha*; and The Word was *Alaha*".
16. Why is Isho M'shiha called "the Only Begotten Son of *Alaha*?"
He is the only begotten Son of *Alaha* because of His Divine Nature; others like Malakas, and saints of the past, and believers of the present, are called "sons of *Alaha*" by Grace in adoption.
17. In the Creed it says that "He is begotten of the Father," Why?
Through this expression He is distinguished from the *Knoma* of *Alaha* the Father and from the *Knoma* of *Alaha* the *Ruha d'Kudsha* ; for in truth, He who is Begotten is The Son; and He who begets is the Father, and the *Ruha d'Kudsha* is neither begotten, nor begets, He proceeds.

18. We confess in The Creed that "*Isho M'shiha* was begotten before all worlds" Why?
We need assurance that there was never a time when Isho M'shiha did not exist; we teach that Isho M'shiha is the Son of *Alaha* from everlasting to everlasting Just as *Alaha* the Father is from everlasting to everlasting.

19. In the Creed we confess “Very *Alaha* of Very *Alaha*, of one Essence with His Father,” Why?,

*Isho* M'shiha is of the same divinity as The Father, He is not lesser, nor greater, He is the same in authority, will, majesty, and worship’’. I and My Father are One ”. *Alaha*

20. Why do we confess in the Creed that “*Isho M'shiha* is begotten of His Father before all worlds and not made?”

Arius taught that The Son of *Alaha* was made and that there was a time when He was not (existing), and for this purpose this phrase was placed into the Creed to declare the truth of the Orthodox Faith, that Isho M'shiha in His Divinity is not made but that He is the Creator (in fact), in contradistinction to the heresy of Arianism.

**Week 21 (May 05_2024)**

1. കാവൽ മാലാഖാ എന്ന ആശയം എവിടെ നിന്ന് വരുന്നു?
ദാവീദിന്റെ മസ്മോറയിൽ നിന്ന്: ''നിന്റെ വഴികളിൽ നിന്നെ സംരക്ഷിക്കാൻ അവിടുന്ന് തന്റെ ദൂതൻമാരോട് കൽപിക്കും''. (മസ്മോറ 91,11)

2. മനുഷ്യവംശം ആലാഹയുടെ സാദൃശ്യത്തിൽ ആയിരിക്കുന്നത് എങ്ങനെ?
പൗലോസ് ശ്ലീഹാ സഭയോട് വിശദീകരിക്കുന്നു; മനുഷ്യവംശം ആലാഹായുടെ സാദൃശ്യം സത്യത്തിന്റെ വിശുദ്ധിയിലും നീതിയിലും പ്രകടിപ്പിക്കുന്നു: ''ആലാഹായുടെ സാദൃശ്യത്തിൽ സ്രഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ യഥാർത്ഥമായ നീതിയിലും പരിശുദ്ധിയിലും ധരിക്കുവിൻ ''. (എഫേ 4, 24)

3. ജീവശ്വാസം എന്താണ്?
ആത്മാവ്, അത്മീയവും അമർത്യവുമായ പദാർത്ഥം.

4. മനുഷ്യനെ ഉൾപ്പെടുത്തിയത് ആത്മീയ പറുദീസയിലോ ഭൗതിക പറുദീസയിലോ?
രണ്ട് തലങ്ങളിലും: ശരീരത്തിന് അത് ഭൗതികവും ദൃശ്യവും ആനന്ദപൂർണ്ണവുമായ വാസസ്ഥലമായിരുന്നു. എന്നാൽ, മനുഷ്യത്മാവിന് അത് ആലാഹായുടെ കൃപയാൽ കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും ഒരു ആത്മീയ ഉദ്യാനമായിരുന്നു. സൃഷ്ടികളുടെ (മനുഷ്യവംശം)ആത്മീയ മനനത്തിനുള്ള ഒരു സ്ഥലം.

5. എന്തു കൊണ്ടാണ് ആദത്തിന്റെ വാരിയെല്ലിൽ നിന്ന് ഹവ്വായെ ആലാഹാ സൃഷ്ടിച്ചത്?
ആദത്തെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ചതും രൂപം കൊടുത്തതും ആലാഹായാണ്. ആദത്തിന്റെ വാരിയെല്ലിൽ നിന്ന് അവന്റെ ജീവിത സഖിയായ ഹവ്വ സൃഷ്ടിക്കപ്പെട്ടു. അങ്ങനെ മനുഷ്യവംശത്തിലെ എല്ലാവരും അവരുടെ ആരംഭത്തിൽ തന്നെ സ്വഭാവികമായി സ്നേഹത്തിനു വിധേയപ്പെടുകയും പരസ്പരം സംരക്ഷിക്കുകയും ചെയ്യും. പരിശുദ്ധ വിവാഹത്തിന്റെ പകർപ്പുകളിൽ ഈ രണ്ടു കാഴ്ചകളും കൂടിചേരുന്നത് കാണാം. ആലാഹാ ഒരിക്കൽ കൂടി തന്റെ സൃഷ്ടിയെ സൃഷ്ടിക്കപ്പെട്ടതുമായി കൂടിച്ചേർക്കുന്നു.

6. പരിശുദ്ധ സഭ എങ്ങനെയാണ് ''മുൻ നിശ്ചയം'' (Presdestination) നിർവചിക്കുന്നത്?
നിത്യമായ ആനന്ദത്തിനും സ്വർഗ്ഗീയ അനുഭൂതിക്കുമായി മനുഷ്യവംശത്തെ സംവിധാനം ചെയ്ത ആലാഹയുടെ ഹിതം.

7. ആനന്ദത്തിലേക്കുള്ള മനുഷ്യനെക്കുറിച്ചുള്ള ആലാഹായുടെ മുൻ നിശ്ചയം മാറ്റമില്ലാതെ തുടരുന്നുണ്ടോ?
അത് മാറ്റമില്ലാതെ തുടരുന്നു. ആലാഹാ തന്റെ അറിവിന്റെയും അനന്തമായ കാരുണ്യത്തിന്റെയും പുതിയ വഴി, സന്തോഷത്തിന്റെ വഴിയിൽ നിന്ന് അവർ തെറ്റിപ്പോയെങ്കിലും ഏകജാതനായ ഈശോ മിശിഹാ വഴി മനുഷ്യരാശിക്കുവേണ്ടി മുൻകുട്ടി നിശ്ചയിച്ചിരിക്കുന്നു.

8.മനുഷ്യവംശത്തിന് പൊതുവായും ഓരോ വ്യക്തിക്ക് സൂക്ഷ്മമായും ആലാഹായുടെ മുൻ നിശ്ചയം നമുക്കെങ്ങനെ മനസിലാക്കാം?
മനുഷ്യവംശത്തിന് യഥാർത്ഥ ആനന്ദം സ്വന്തമാക്കുന്നതിന് ആവശ്യമായ മാർഗ്ഗവും പ്രാഥമിക കൃപയും ആലാഹാ മുൻകുട്ടി നിശ്ചയിക്കുകയും യഥാർത്ഥിൽ നൽകുകയും ചെയ്തിട്ടുണ്ട്.

9. ലോകത്തോടുള്ള ബഹുമാനത്തേപ്രതി, വളരെ പ്രത്യേകിച്ച് മനുഷ്യ വംശത്തോടുള്ളതിനെപ്രതി അവരുടെ സൃഷടിയ്ക്കു ശേഷം എന്താണ് ഉടൻ പിന്തുടരുന്നത്?
ദൈവപരിപാലനയാണ് പിൻതുടരുന്നതെന്നാണ് സഭ പ്രഖ്യാപിക്കുന്നത്.

10. ''ദൈവപരിപാലന'' എങ്ങനെയാണ് നിർവച്ചിരിക്കുന്നത്?
സർവ്വശക്തന്റെ നിരന്തരമായ ശക്തി, നാം ആരാധിക്കുന്ന ആലാഹായുടെ ജ്ഞാനവും നന്മയും, അതിലൂടെ അവൻ തന്റെ സൃഷ്ടികളുടെ അസ്ഥിത്വവും കഴിവുകളും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക, നല്ലതിലേക്കു നയിക്കുക, നല്ലതിനെയെല്ലാം സഹായിക്കുക, എന്നാൽ നന്മ

യുടെ വ്യതിചലനത്തിൽ നിന്ന് മുള പൊട്ടുന്ന തിന്മയെ അവൻ വെട്ടി മാറ്റി അതിനെ നന്മയുള്ള താക്കി മാറ്റുകയോ ചെയ്യും. ഇങ്ങനെയാണ് ദൈവപരിപാലനെയ സഭ നിർവചിക്കുന്നത്.

11. ഈശോ എന്ന നാമം എന്തർത്ഥമാക്കുന്നു?

രക്ഷകൻ. ''അവൻ തന്റെ ജനത്തെ പാപങ്ങളിൽ നിന്നും രക്ഷിക്കും'' (മത്താ. 1:21)

12. ഈശോ എന്ന നാമം ആദ്യമായി വെളിപ്പെടുത്തിയത് ആരാണ്?

ഈശോ എന്ന നാം ആദ്യമായി ലഭിച്ചത് ഗബ്രിയേൽ മാലാഖയിലൂടെയാണ്.

13. എന്തു കൊണ്ടാണ് ആലാഹായുടെ പുത്രന് ഈശോ എന്ന നാമം ഗർഭധാരണത്തിലും ജനനത്തിലും നല്കിയത്?

ഈശോ ഗർഭത്തിൽ ഉരുവാക്കപ്പെട്ടതും ജനിച്ചതും സ്ലീവായിലെ മരണത്തിലൂടെ മനുഷ്യവംശത്തെ പാപത്തിൽ നിന്ന് രക്ഷിക്കാനായതിനാലാണ് ഇപ്രകാരം പേര് നല്കപ്പെട്ടത്.

14. മിശിഹാ എന്ന വാക്കിന്റെ അർത്ഥം എന്ത്?

അഭിഷിക്തൻ.

15. ആലാഹായുടെ പുത്രനെന്ന നിലയിൽ കർത്താവായ ഈശോ മിശിഹായുടെ ദൈവത്വത്തെ കുറിച്ച് വിശുദ്ധ ഗ്രന്ഥം എന്തു പറയുന്നു?

''ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ആലാഹായോടൊപ്പമായിരുന്നു, വചനം ആലാഹായായിരുന്നു.'' (യോഹ 1:1)

16. എന്തു കൊണ്ടാണ് ഈശോ മിശിഹായെ ആലാഹായുടെ ഏകജാതൻ എന്നു വിളിക്കുന്നത്?

ദൈവസ്വഭാവം മൂലം ഈശോ മിശിഹാ മാത്രമാണ് ആലാഹയുടെ ഏകജാതൻ. മാലഖാമാർ, വിശുദ്ധർ, വർത്തമാന കാലത്തെ വിശ്വാസികൾ തുടങ്ങിയവർ ആലാഹായുടെ പുത്രർ എന്ന് ദത്തെടുക്കലിന്റെ കൃപയാൽ വിളിക്കപ്പെടുന്നു.

17. വിശ്വാസ പ്രമാണത്തിൽ അവൻ പിതാവിൽ നിന്നു ജനിച്ചു എന്ന് പറയുന്നു എന്തുകൊണ്ട്?

ഈ പ്രയോഗത്തിലൂടെ, അവൻ പിതാവായ ആലാഹയുടെ ക്നോമയിൽ നിന്നും റുഹാദ്കുദ്ശയായ ആലാഹയുടെ ക്നോമയിൽ നിന്നും വേറിട്ട് നില്കുന്നു. സത്യത്തിൽ ജനിച്ചവൻ പുത്രനും ജനിപ്പിച്ചവൻ പിതാവുമാണ്. റുഹാദ് കൂദ്ശാ ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്യുന്നില്ല; അവൻ പുറപ്പെടുന്നു.

18 ''ഈശോ മിശിഹാ സകലത്തിനും മുൻപ് ജനിച്ചുവെന്ന്'' വിശ്വാസ പ്രമാണത്തിൽ നാം ഏറ്റു പറയുന്നു എന്തുകൊണ്ട്?

ഈശോ മിശിഹാ ഇല്ലാതിരുന്ന ഒരു സമയവും ഇല്ലായിരുന്നു എന്ന് ഉറപ്പിക്കാം. ഈശോ മിശിഹാ നിത്യനായ ആലാഹയുടെ പുത്രനാണെന്ന് പഠിപ്പിക്കുന്നു കാരണം ആലാഹാ നിത്യനായ പിതാവാണ്.

19. '' സത്യആലാഹായിൽ നിന്നുള്ള സത്യ ആലാഹയും, പിതാവിനോട് കൂടെ ഏക സത്തയുമാണ്'' വിശ്വാസ പ്രമാണത്തിൽ നാം ഇപ്രകാരം പ്രഖ്യാപിക്കുന്നത് എന്തുകൊണ്ട് ?

ഈശോ മിശിഹാ പിതാവിന്റെ അതേ ദൈവത്വമാണ്. ഒട്ടും ചെറുതോ വലുതോ അല്ല. അധികാരത്തിലും ഹിതത്തിലും, മഹത്വത്തിലും, ആരാധനയിലും അവർ തുല്യരാണ്. '' ഞാനും എന്റെ പിതാവും ഒന്നാണ്'' (യോഹ 10:30)

20. ''ഈശോ മിശിഹാ എല്ലാറ്റിനും മുൻപ് തന്റെ പിതാവിൽ നിന്നു ജാതനായി; എന്നാൽ സൃഷ്ടിക്കപ്പെട്ടവനല്ല'' ഇപ്രകാരം വിശ്വാസ പ്രമാണത്തിൽ നാം പ്രഖ്യാപിക്കുന്നതെന്തുകൊണ്ട്?

ആലാഹയുടെ പുത്രൻ സൃഷ്ടിക്കപ്പെട്ടതാണെന്നും അവൻ ഇല്ലാതിരുന്ന ഓരു കാലമുണ്ടായിരുന്നെന്നും ആരി യൂസ് പഠിപ്പിച്ചു. ഈ പാഷണ്ഡതയെ പ്രതിരോധിച്ച് സത്യവിശ്വാസം പഠിപ്പിക്കാനാണ് ഈ പ്രയോഗം വിശ്വാസ പ്രമാണത്തിൽ ഉൾപ്പെടുത്തിയത്. ആര്യനിസം എന്ന പാഷണ്ഡതയ്ക്കു വിരുദ്ധമാണ് ഈശോ മിശിഹാ തന്റെ ദൈവത്വത്തിൽ സൃഷ്ടിക്കപ്പെട്ടവനല്ല, മറിച്ച് അവനാണ് സൃഷ്ടാവ് എന്നുള്ളത്.